കൊടുക്കേണ്ടതു്. അതിലേക്കു് ആവശ്യമായ തുക ഓരോ വർഷവും ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആ തുകയിൽ നിന്നു് ഓരോ വർഷവും അതാതു് ഡിപ്പാർട്ടുമെൻറിനു് ആ തുക കൊടുക്കും. അവർ അതു് കൊടുക്കും. അതിലേതെങ്കിലും ചിലപ്പോൾ 10,000 രൂപ കുടിശ്ശിക വന്നു എന്നു വരാം. അങ്ങനെയുണ്ടെങ്കിൽ അതു് അടുത്ത വർഷത്തെ ബഡ്ജറ്റിൽ കൊടുക്കും. ശ്രീ. നായനാരുടെ ഭരണകാലഘട്ടം മുതൽ ഇതാണു് നടക്കുന്നതു്".

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

റോഡു് റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടു്

* 168 [214] ശ്രീ. കെ.വി. സുരേന്ദ്രനാഥു്:

" പി. കുമാരൻ:

" എം.കെ. കേശവൻ:

" വി.കെ. രാജൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു മരാമത്തു് വകുപ്പിൻെറ കീഴിൽ പീച്ചിയിൽ പ്രവർത്തിക്കുന്ന റോഡു് റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടിനു് ആരംഭം മുതൽ ഇതു വരെ എത്ര പണം മുടക്കിയിട്ടുണ്ടു്;

(ബി) പ്രസ്തുത സ്ഥാപനത്തിൻെറ പ്രവർത്തനങ്ങൾ എന്തൊക്കെയാണു്;

(സി) പി.ഡബ്ലിയു.ഡി.ക്കും സംസ്ഥാനത്തിനും അതു കൊണ്ടു് എന്തു് നേട്ടമുണ്ടായിട്ടുണ്ടു്?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) പീച്ചിയിൽ പ്രവർത്തിക്കുന്നതു് ഇറിഗേഷൻ വകുപ്പിൻെറ കീഴിലുള്ള എഞ്ചിനീയറിംഗു് റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടാണു്. പൊതു മരാമത്തു് വകുപ്പിൻെറ കീഴിലുള്ള കേരളാ ഹൈവേ റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടു് തിരുവനന്തപുരത്താണു് പ്രവർത്തിക്കുന്നതു്. അതിൻെറ പ്രവർത്തനത്തിനു് ആരംഭം മുതൽ ഇതു വരെ 80,59,076 രൂപയും യന്ത്ര സാമഗ്രികൾക്കായി 4,33,421 രൂപയും ചെലവായിട്ടുണ്ടു്.

പീച്ചിയിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗു് റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ചിടത്തോളം പ്രത്യേകം ചോദ്യം ചോദിക്കേണ്ടതാണു്.

(ബി) കേരളാ സ്റ്റേറ്റു് ഹൈവേ റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രധാന പ്രവർത്തനങ്ങൾ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ ഇവയുടെ നിർമ്മാണത്തിനുപയോഗിക്കുന്ന വസ്തുക്കളുടെ ഗുണവും ബലവും പരീക്ഷിക്കുകയും ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചു് പരീക്ഷണ പഠനങ്ങൾ നടത്തുകയും ചെയ്യുകയുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡുകളുടേയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും വിമാനത്താവളങ്ങളുടെയും നിർമ്മാണത്തിൽ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടുകളും ഉപദേശങ്ങളും പ്രയോജനപ്പെട്ടിട്ടുണ്ട്.

ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ അംഗീകാരം

* 169 [215] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി.യുടെ അംഗീകാരം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) യു.ജി.സി. മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിയെ യു.ജി.സി. യുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ധനസഹായത്തിന് അർഹമാണെന്ന് പ്രഖ്യാപിച്ചുകിട്ടാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് യു.ജി.സി.യെ സമീപിച്ചിരുന്നു. ഇതിന് മറുപടിയായി, യു.ജി.സി. ആക്ടിലെ 12 എ വകുപ്പനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന താഴെ പറയുന്ന നിബന്ധനകൾ ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിൽ ഉൾക്കൊള്ളിക്കണമെന്ന് യു.ജി.സി. നിർദ്ദേശിച്ചു.

1. ഒരു പ്ലാനിംഗ് ബോർഡ് രൂപീകരിക്കാൻ ആവശ്യമായ വ്യവസ്ഥ.

2. സർവ്വകലാശാലയുടെ ഭരണസംവിധാനം ഗജേന്ദ്ര ഗാഡ്കർ കമ്മിറ്റി റിപ്പോർട്ടിനെയും കേന്ദ്ര സർവ്വകലാശാല നടത്തിപ്പിനെപ്പറ്റി അവലോകനം നടത്തിയ കമ്മിറ്റിയുടെ റിപ്പോർട്ടിനെയും ആസ്പദമാക്കിയുള്ളതായിരിക്കണം.

കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിന് ഭേദഗതികൾ വരുത്തണമെന്നും യു.ജി.സി. നിർദ്ദേശിച്ചിട്ടുണ്ട്.

(1) പ്രോ ചാൻസലർ തസ്തിക ആവശ്യമില്ല.

(2) വൈസ് ചാൻസലറുടെ പേര് നിർദ്ദേശിക്കാൻ നിയമിതമാകുന്ന കമ്മിറ്റി നൽകുന്ന പാനലിൽനിന്നും ചാൻസലർ ഒരാളെ നിയമിക്കാൻ വേണ്ട വ്യവസ്ഥ ഉൾക്കൊള്ളിക്കണം.

3. വൈസ്ചാൻസലറുടെ ശുപാർശപ്രകാരം സിൻഡിക്കേറ്റ് പ്രോവൈസ് ചാൻസലറെ നിയമിക്കണം.

4. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരെ സിൻഡിക്കേറ്റ് നിയമിക്കണം.

5. സെനറ്റിന്റെ ആവശ്യമില്ല. സർവ്വകലാശാലയുടെ നയപരമായ കാര്യങ്ങളെപ്പറ്റിയും പ്രവർത്തന ശൈലിയിൽ വരുത്തേണ്ട ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly